പ്പിനെ ബാധിക്കുന്നുണ്ട്. ജീവനക്കാരുടെ കുറവും അനുഭവപ്പെടുന്നുണ്ട്. തന്മൂലം സർവ്വീസുകൾ റദ്ദാക്കാൻ കെ.എസ്.ആർ.ടി.സി നിർബന്ധിതമാകുന്നു. വരുമാനം തീരെ കുറവായ സർവ്വീസുകൾ മാത്രമാണ് ഇത്തരത്തിൽ കൂടുതലായും ക്യാൻസൽ ചെയ്യപ്പെടുന്നത്. ആവശ്യത്തിന് സ്പെയർ പാർട്ടുകൾ നെടുമങ്ങാട്ട് എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇപ്പോൾ അവിടെ 21 ഡ്രൈവർമാരുടെയും 29 കണ്ടക്ടർമാരുടെയും 7 മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെയും കുറവുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഡ്രൈവർമാരെയും മെക്കാനിക്കൽ വിഭാഗം ജീവനക്കാരെയും അടിയന്തിരമായി ലഭ്യമാക്കാൻ യൂണിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറവുള്ള കണ്ടക്ടർമാരെ സ്ഥലം മാറ്റത്തിലൂടെ നിയമിക്കുന്നതാണ്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് നെടുമങ്ങാട് യൂണിറ്റിൽ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യത മെച്ചപ്പെടുന്ന മുറയ്ക്കുമാത്രമേ അതിന് കഴിയുകയുള്ളൂ. ബസ്സുകളുടെയും ജീവനക്കാരുടെയും സ്ഥിതി മെച്ചമാക്കുന്നതോടെ വിദ്യാർത്ഥികൾക്കുള്ള സർവ്വീസ് ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കുന്നതാണ്. പുതിയ മോട്ടോർ വാഹന ഭേദഗതിയനുസരിച്ച് നഗരപരിധിയിൽ നിന്നും അഞ്ച് കിലോമീറ്ററിലധികം സിറ്റി സർവ്വീസുകൾ നീട്ടാൻ കഴിയുകയില്ല. മാത്രമല്ല സിറ്റി സർവ്വീസുകൾ കൂടുതൽ ദൂരത്തേയ്ക്ക് നീട്ടുന്നത് നഗരപരിധിയിലെ സർവ്വീസുകളുടെ ലഭ്യതയെ സാരമായി ബാധിക്കുകയും ചെയ്യും. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ കൂടുതൽ ഷെഡ്യൂളുകൾ ആരംഭിക്കാൻ കഴിയുകയില്ല. നെടുമങ്ങാട് ബസ് സ്റ്റേഷന് സ്ഥലപരിമിതിയുണ്ട്. സ്റ്റേഷൻ മാസ്റ്റർ ഓഫീസിനു തൊട്ടടുത്തുള്ള ഭാഗം വെയിറ്റിംഗ് ഷെഡ്ഡായിട്ടാണ് ഉപയോഗിച്ചുവരുന്നത്. നെടുമങ്ങാട് യൂണിറ്റിലെ ജീവനക്കാരുടെയും യൂണിയനുകളുടെയും നിരന്തരമായ ആവശ്യത്തിന്റെ ഫലമായാണ് അവിടെ ഒരു ക്യാന്റീൻ അനുവദിച്ചത്. സ്ഥലപരിമിതിമൂലം പഴയ വെയിറ്റിംഗ് ഷെഡ്ഡിന്റെ ഒരു ഭാഗം ക്യാന്റീനായി പ്രവർത്തിച്ചുവരികയാണ്. ഈ വെയിറ്റിംഗ് ഷെഡ്ഡിന്റെ ഭാഗത്തുനിന്ന് ഇപ്പോൾ വാഹനങ്ങൾ പുറപ്പെടുന്നില്ല. അതുകൊണ്ട് ഈ വെയിറ്റിംഗ് ഷെഡ് വളരെ അപൂർവ്വമായി മാത്രമേ യാത്രക്കാർ ഉപയോഗിക്കാറുള്ളൂ. പരിമിതമായ സ്ഥലത്ത് ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും നെടുമങ്ങാട് ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട്. ഈ നെടുമങ്ങാട് ഡിപ്പോയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉൾപ്പെടെ നെടുമങ്ങാട് താലൂക്കിലെ യാത്രാക്ലേശം ബഹുമാനപ്പെട്ട അംഗവുമായും ആ പ്രദേശത്തെ മറ്റു നിയമസഭാസാമാജികരുമായും മറ്റു ജനപ്രതിനിധികളുമായും കഴിയുന്ത്ര പെട്ടെന്ന് ഒരു തീയതി നിശ്ചയിച്ച് ചർച്ച ചെയ്യുന്നതാണ്.

(12) പ്രിയദർശിനി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘത്തിന്റെ ശോച്യാവസ്ഥ

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സഹായിക്കുന്നതിനും ഈ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമായി 1982 മുതൽ 87 വരെയുള്ള കാലഘട്ടത്തിൽ അന്നത്തെ ഐക്യജനാധിപത്യമുന്നണി സർക്കാർ രൂപം കൊടുത്ത ഒരു പദ്ധതിയായിരുന്നു പ്രിയദർശിനി ട്രാൻസ്പോർട്ടിംഗ് വ്യവസായ സഹകരണ സംഘം. അതുപ്രകാരം കേരളത്തിലെ മിക്കവാറും എല്ലാ ജില്ലകളിലും ഇത്തരം സംഘങ്ങൾ സ്ഥാപിച്ച് മോട്ടോർ ട്രാൻസ്പോർട്ടിംഗ് സഹകരണസ്ഥാപനങ്ങളുണ്ടാക്കി. ഈ സംഘ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കായി മികച്ച റൂട്ടുകൾ നൽകി. വാഹനങ്ങൾ വാങ്ങുന്നതിന് വായ്പയും അനുവദിച്ചു. അന്ന് വായ്പ അനുവദിച്ചത് ഒഴിച്ചാൽ പിന്നീട് ഈ സംഘങ്ങൾക്ക് യാതൊരു സഹായവും നൽകിയിട്ടില്ല. ബസ്സുകൾ കട്ടപ്പുറത്തായതു പോലെ സംഘങ്ങളും തകർന്നു. ഈ വ്യവസായ സംരംഭവും പെരുവഴിയിലായി. തൊഴിലാളികൾ തൊഴിൽ രഹിതരായി. ഈ സംഘത്തെ ഉദ്ധരിക്കണം. ഇതിനായി പ്രത്യേക കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കണം. പുതിയ ബസ്സുകൾ വാങ്ങുന്നതിന് കൂടുതൽ ധനസഹായം നൽകണം. സംഘങ്ങളുടെ നേർവഴിക്കുള്ള പ്രവർത്തനം വീക്ഷിക്കുന്നതിനുവേണ്ട സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): : സർ, 1984-85 പട്ടികജാതി-പട്ടികവർഗ്ഗ വർഷമായി ആചരിച്ചപ്പോൾ തൊഴിൽ രഹിതരായ ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ട്രാൻസ്പോർട്ടിംഗ് മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പട്ടികജാതി പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ടിംഗ് സഹകരണ സംഘങ്ങൾ രൂപീകരിച്ചത്. അതനുസരിച്ച് സംസ്ഥാനത്ത് ഒട്ടാകെ 21 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. എന്നാൽ അവയിൽ തൃശ്ശൂർ ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ഒഴികെ മറ്റെല്ലാ സഹകരണ സംഘങ്ങളും ഭീമമായ നഷ്ടത്തിലേക്കും പ്രവർത്തനരാഹിത്യത്തിലേക്കും നീങ്ങി. കണ്ണൂർ ജില്ലയിലെയും പത്തനംതിട്ട ജില്ലയിലേയും രണ്ടു സഹകരണ സംഘങ്ങൾ ഇപ്പോൾ ലിക്വിഡേഷനിലാണ്. കൊല്ലം, മാവേലിക്കര, എറണാകുളം, മലപ്പുറം എന്നീ സ്ഥലങ്ങളിലെ നാല് പട്ടികജാതി-പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിലച്ചു; ബാക്കി 14 സ്ഥാപനങ്ങൾ ഇപ്പോൾ വളരെ ചുരുങ്ങിയ തോതിലുള്ള പ്രവർത്തനം മാത്രമേ നടത്തുന്നുള്ളൂ. കടുത്ത മത്സരമുള്ള ട്രാൻസ്പോർട്ടിംഗ് മേഖലയിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെയും ഫലപ്രദമായ മാനേജുമെന്റിന്റെയും അഭാവമാണ് പട്ടികജാതി-പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്കുള്ള പ്രധാന കാരണങ്ങൾ. ഈ സംഘങ്ങളിൽ ജീവനക്കാരും ബസ്സും തമ്മിലുള്ള അനുപാതം കൂടുതലായിരുന്നു. അറ്റകുറ്റപ്പണികൾ കൃത്യസമയത്തു നടത്താൻ കഴിയാതെ വരികയും കാലപ്പഴക്കം അനുസരിച്ച് പുതിയ ബസ്സുകൾ വാങ്ങാൻ കഴിയാതെ വരികയും ചെയ്തു. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവയെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ ഇപ്പോൾ നിയോഗിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് ലഭിച്ചാൽ അതിലെ ശുപാർശകൾ അനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(13) ഭൂതത്താൻകെട്ട് ഡാമിലെ കൗണ്ടർഷട്ടർ ചങ്ങല പൊട്ടിപ്പോയതു സംബന്ധിച്ച്

ശ്രീ. എം.പി. വർഗ്ഗീസ് : സർ, എറണാകുളം ജില്ലയിലെ ആലുവ, പറവൂർ,കുന്നത്തുനാട്, കോതമംഗലം മൂവാറ്റുപുഴ താലൂക്കുകളിലായി എൺപതിനായിരം ഹെക്ടർ സ്ഥലത്തു വെള്ളം കൊടുക്കുന്ന പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിനു വെള്ളം ലഭിക്കുന്നതു ഭൂതത്താൻകെട്ട്

LIBRARY ARCHIVES Kerala Legislative Assembly